തൊഴിൽ വാർത്തകൾ

എയർ ഇന്ത്യയിൽ അപേക്ഷിക്കാം

149 ഒഴിവ്

എയർ ഇന്ത്യാ ലിമിറ്റഡിൽ സീനിയർ ടെയിനി ഫ്ലൈറ്റ് ഡിസ്പാച്ചർ (കാറ്റഗറി1), ടെയിനി ഫ്ലൈറ്റ് ഡിസ്പാച്ചർ (കാറ്റഗറി2), ജൂനിയർ ടെയിനി ഫ്ലൈറ്റ് ഡിസ്പാച്ചർ കാറ്റഗറി 3) ഒഴിവുകളിലേക്ക് നിയമനം നടത്തുന്നു. 70 ഒഴിവുകളുണ്ട്. ഡൽഹി/മുംബയ് എന്നിവിടങ്ങളിലാണ് നിയമനം. യോഗ്യത: ഫിസിക്സ്, മാത്തമാറ്റിക്സ് പഠിച്ച് പ്ലസ്ടു/തത്തുല്യം. ടെക്നിക്കൽ/ലൈസൻസ് യോഗ്യത സംബന്ധിച്ച വിവരങ്ങൾക്ക് വെബ്സൈറ്റ് കാണുക. ജൂനിയർ ടെയിനി ഫ്ലൈറ്റ് ഡിസ്പാച്ചർ (കാറ്റഗറി 3) തസ്തികയിൽ 35 വയസ്. അർഹരായവർക്ക് ഉയർന്ന പ്രായപരിധിയിൽ ചട്ടപ്രകാരം ഇളവ് ലഭിക്കും. സ്റ്റൈപ്പൻഡ്: - സീനിയർ ടെയിനി ഫ്ലൈറ്റ് ഡിസ്പാച്ചർ (കാറ്റഗറി1): 40000 രൂപ. ടെയിനി ഫ്ലൈറ്റ് ഡിസ്പാച്ചർ (കാറ്റഗറി2): 25000 രൂപ. ജൂനിയർ ടെയിനി ഫ്ലൈറ്റ് ഡിസ്പാച്ചർ (കാറ്റഗറി3): 20000 രൂപ. അപേക്ഷാഫീസ്: 1000 രൂപ. എസ്സി/എസ്ടി വിഭാഗക്കാർക്ക് ഫീസില്ല. Air India Limited എന്ന പേരിലെടുത്ത ഡൽഹിയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായി ഫീസടയ്ക്കണം. ഡിമാൻഡ് ഡ്രാഫ്റ്റിന്റെ പിന്നിൽ ഉദ്യോഗാർഥിയുടെ മുഴുവൻ പേരും മൊബൈൽ നമ്പറും എഴുതണം. താൽപര്യമുള്ളവർ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷാഫോമിനൊപ്പം ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെസ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഡിമാൻഡ് ഡ്രാഫ്റ്റും സഹിതം മേയ് ആറ്, ഒൻപത് തീയതികളിൽ ഡൽഹി, മുംബൈ എന്നിവിടങ്ങളിൽ ഇന്റർവ്യൂവിന് ഹാജരാകണം. വിശദവിവരങ്ങൾക്ക്: www.airindia.in.

30, മേയ് രണ്ട് തീയതികളിൽ ഡൽഹിയിൽ ഇന്റർവ്യൂ നടത്തും. Air India Limited എന്ന പേരിലെടുത്ത ഡൽഹിയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായി ഫീസടയ്ക്കണം വിശദവിവരങ്ങൾക്ക്: www.airindia.in.

79 ഒഴിവ്...

എയർ ഇന്ത്യാ ലിമിറ്റഡിൽ ടെയിനി കൺട്രോളർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നു. കരാർ നിയമനമാണ്. ഡൽഹി/മുംബൈ എന്നിവിടങ്ങളിലാണ് അവസരം. ഏപ്രിൽ

നേവിയിൽ 172 ചാർജ്മാൻ

ഇന്ത്യൻ നേവിയിൽ വിവിധ കമാൻഡുകളിലായി ചാർജ്മാൻ (മെക്കാനിക്), ചാർജ്മാൻ (അമ്യൂണിഷൻ ആൻഡ് എക്സ്പ്ലോസീവ്) ജനറൽ സെൻട്രൽ സർവീസ്, ഗ്രൂപ്പ് ബി, നോൺ-ഇൻഡസ്ട്രിയൽ നോൺ-গസറ്റഡ് തസ്തികയിലെ ഒഴിവുകളിലേക്ക് സിവിലിയൻ എൻട്രൻസ് ടെസ്റ്റ് നടത്തുന്നു. 172 ഒഴിവുകളുണ്ട്. അപേക്ഷസ്വീകരിക്കുന്ന അവസാന തീയതി: ഏപ്രിൽ 28. ചാർജ്മാൻ (മെക്കാനിക്): മെക്കാനിക്കൽ/ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ എൻജിനീയറിങ്ങിൽ ഡിപ്ലോമ, സമാന മേഖലയിൽ രണ്ട് വർഷത്തെ പ്രവൃത്തിപരിചയം. ചാർജ്മാൻ (അമ്യൂണിഷൻ ആൻഡ് എക്സ്പ്ലോസീവ്): കെമിക്കൽ എൻജിനീയറങ്ങിൽ ഡിപ്ലോമ, സമാന മേഖലയിൽ രണ്ട് വർഷത്തെ പ്രവൃത്തിപരിചയം. പ്രായം: 30 വയസ് കവിയരുത്. 2019 ഏപ്രിൽ 28 അടിസ്ഥാനമാക്കി പ്രായം കണക്കാക്കും. പട്ടികവിഭാഗത്തിന് അഞ്ചും ഒബിസിക്ക് മൂന്നും ഭിന്നശേഷിക്കാർക്ക് പത്തും വർഷം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കും. മറ്റർഹരായവർക്ക് ചട്ടപ്രകാരം ഇളവ് ലഭിക്കും. ശമ്പളം: 35400-112400 രൂപ (ലെവൽ 6, 7th സിപിസി പ്രകാരം) അപേക്ഷാഫീസ്: 205 രൂപ. പട്ടികവിഭാഗം, ഭിന്നശേഷിക്കാർ, വിമുക്തഭടൻമാർ, സ്ത്രീകൾ എന്നിവർക്ക് ഫീസില്ല. ഓൺലൈനായി ഫീസടയ്ക്കണം. തിരഞ്ഞെടുപ്പ്: കംപ്യൂട്ടർ ബേസ്ഡ് ഓൺലൈൻ എക്സാം, ഡോക്യുമെന്റ് വെരിഫിക്കേഷൻ, മെഡിക്കൽ പരിശോധന എന്നിവയുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. വിശദവിവരങ്ങൾക്ക്: www.joinindiannavy.gov.in.

വിശാഖപട്ടണം സ്റ്റീൽ പ്ലാന്റിൽ

രാഷ്ട്രീയ ഇസ്പത്നിഗം ലിമിറ്റഡിന്റെ വിശാഖപട്ടണം സ്റ്റീൽ പ്ലാന്റിൽ മാനേജ്മെന്റ് ട്രെയിനി ഹ്യൂമൺ റിസോഴ്സ് 6, മാർക്കറ്റിങ് 4 ഒഴിവുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ 2019 ജൂണിലെ യുജിസി നെറ്റ് പരീക്ഷ ജയിക്കുന്നവരെ മാത്രമേ ഇന്റർവ്യൂവിന് പരിഗണിക്കൂ. ഹ്യൂമൺ റിസോഴ്സ് വിഭാഗത്തിൽ യോഗ്യത 60 ശതമാനം മാർക്കോടെ ബിരുദം, എംബിഎ/ബിരുദാനന്തരബിരുദം/ ഹ്യൂമൺ റിസോഴ്സ് മാനേജ്മെന്റ്/ പേഴ്സണൽ മാനേജ്മെന്റ് ആൻഡ് ഇൻഡസ്ട്രിയൽ റിലേഷൻ/ലേബർ വെൽഫയർ/ സോഷ്യൽ വർക്ക് എന്നിവയിലേതെങ്കിലുമൊന്നിൽ ബിരുദാനന്തര ഡിപ്ലോമ. മാർക്കറ്റിങ് യോഗ്യത 60 ശതമാനം മാർക്കോടെ ബിരുദം, എംബിഎ/ ബിരുദാനന്തരബിരുദം/ മാർക്കറ്റിങിൽ ബിരുദാനന്തര ഡിപ്ലോമ. www.vizagsteel.com വഴി ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് ഒമ്പത്.

ഇന്ത്യൻ റെയിൽവേയിൽ

ഈസ്റ്റ് കോസ്റ്റ് റെയിൽവേയിൽ 310 ഒഴിവുകൾ. ജൂനിയർ ക്ലാർക്ക് കം ടൈപ്പിസ്റ്റ്, കാർപെന്റർ ടെക്നീഷ്യൻ, വെൽഡർ ടെക്നീഷ്യൻ, ഫിറ്റർ ടെക്നീഷ്യൻ, ഇലക്ട്രിക്കൽ പവർ ടെക്നീഷ്യൻ, ട്രാക്ക് മെഷ്യൻ ടെക്നീഷ്യൻ, പെയിന്റർ, സിഗനൽ ടെക്നീഷ്യൻ എന്നിങ്ങനെയാണ് ഒഴിവ്. യോഗ്യത: പത്താം ക്ലാസ്, പ്ലസ്ടു, ഡിഗ്രി. അവസാന തീയതി: 14 മേയ്. ഓൺലൈനായി അപേക്ഷിക്കാൻ rrcecor.cbtexam.in/Home/ListofExam.aspx എന്ന വെബ്സൈറ്റ് കാണുക.

സിവിൽ പൊലീസ് ഓഫീസർ 6000 ഒഴിവ്

പൊലീസ് കോൺസ്റ്റബിൾ തസ്തികയിൽ സംസ്ഥാനത്തെ എട്ട് ബറ്റാലിയനുകളിലുമായി 6000-ത്തോളം ഒഴിവുകൾ. ശരാശരി 700-800 ഒഴിവുകൾ ഓരോ ബറ്റാലിയനിലുമുണ്ടെന്നാണ് കണക്കാക്കുന്നത്. ഇത്തവണ ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും പ്രത്യേകമായാണ് നടത്തുന്നത്. കായിക പരീക്ഷയുടെ തലേദിവസം അതത് മൈതാനങ്ങളിൽ അളവെടുപ്പിന് ഹാജരാകണം. അതിൽ വിജയിക്കുന്നവർക്കാണ് പിറ്റേന്ന് കായികപരീക്ഷ നടത്തുന്നത്. എട്ടിനങ്ങളിൽ അഞ്ചെണ്ണത്തിൽ വിജയിക്കുന്നവരെ ഉൾപ്പെടുത്തിയാണ് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നത്.

പൊലീസ് കോൺസ്റ്റബിളാകാം

കേരള സർക്കാരിൽ പൊലീസ് കോൺസ്റ്റബിൾ ഇൻഡ്യൻ റിസേർവ് ബറ്റാലിയാൻ (റെഗുലർ വിൻഗ്) അവസരം. പ്രായം: 18-29. ശമ്പളം: 10480-18300. അപേക്ഷിക്കേണ്ട അവസാന തീയതി: മേയ് 15. പിഎസ്സിയുടെ വൺ ടൈം അക്കൗണ്ട് വഴി അപേക്ഷിക്കാവുന്നതാണ്.

കൊച്ചിൻ ഷിപ് യാർഡിൽ

കൊച്ചിൻ ഷിപ് യാർഡിൽ ഡ്രാഫ്റ്റ്മാൻ ട്രെയിനി തസ്തികയിൽ 50 ഒഴിവ്. യോഗ്യത: എസ്എസ്എൽസി, ഇലക്ട്രിക്കൽ/മെക്കാനിക്കൽ എൻജിനീയറിംഗ് ഡിപ്ലോമ. പ്രായ പരിധി: 25| അപേക്ഷിക്കേണ്ട അവസാന തീയതി: മേയ് 2 വിശദവിവരങ്ങൾക്ക്: www.cochinshipyard.com

തപാൽ വകുപ്പിൽ ഡ്രൈവർ ആകാം

തപാൽ വകുപ്പിൽ സ്റ്റാഫ് കാർ ഡ്രൈവർ തസ്തികയിൽ അപേക്ഷിക്കാം. 9 ഒഴിവുകളുണ്ട്. കൽക്കട്ടയിലാണ് നിയമനം. പ്രായം: 18-27. ശമ്പളം: 19900-63200. അപേക്ഷിക്കേണ്ട അവസാന തീയതി: മേയ് 25.

ഇന്ത്യൻ കോസ്റ്റ് ഗാർഡിൽ

ഇന്ത്യൻ കോസ്റ്റ് ഗാർഡിൽ ജോലി നേടാം. ഡ്രാഫ്റ്റ്മാൻ, സിവിൽ മോട്ടോർ ട്രാൻസ്പോർട്ട് ഡ്രൈവർ, ലസ്കാർ, സാരംഗ് ലസ്കർ, എൻജിൻ ഡ്രൈവർ എന്നിങ്ങനെയാണ് ഒഴിവ്. ജോലി കൊച്ചിയിലും. അപേക്ഷിക്കേണ്ട അവസാന തീയതി: ജൂൺ 30. കമ്പനി വെബ്സൈറ്റ്: joinindiancoastguard.gov.in.

സ്റ്റാഫ് സെലക്ഷൻ കമ്മിഷനിൽ 8000 ഒഴിവുകൾ

പത്താം ക്ലാസുകാരെ സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ വിളിക്കുന്നു. 8000 ഒഴിവുകളുണ്ട്. മൾട്ടി ടാസ്കിംഗ് സ്റ്റാഫുകളുടെ തസ്തികയിലേക്കാണ് വിളിച്ചിരിക്കുന്നത്. ഇന്ത്യയിലെ വിവിധ സ്ഥാപനങ്ങളിലേക്കാണ് നിയമനം. പ്രായപരിധി 18- 25. അപേക്ഷ ഫീസ് ജനറൽ/ ഒബിസി 100 രൂപ. എസ്.സി, എസ്.ടി, സ്ത്രീകൾ എന്നിവർക്ക് ഫീസില്ല. ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷിക്കേണ്ട അവസാന തീയതി: 29 മേയ് 2019 . കൂടുതൽ വിവരങ്ങൾക്ക്: https://ssc.nic.in

പി.എസ്.സി വിളിക്കുന്നു

സഹകരണ അപ്പെക്സ് സൊസൈറ്റികളിൽ മാനേജർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (പൾമണറി മെഡിസിൻ), തിയേറ്റർ ടെക്നീഷ്യൻ, ഡെന്റൽ മെക്കാനിക്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ലക്ചറർ ഇൻ മൈക്രോബയോളജി, സാങ്കേതികവിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എൻജിനീയറിങ് (പോളിടെക്നിക്കുകൾ), ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സിൽ കെമിസ്റ്റ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ സ്റ്റെനോഗ്രാഫർ, ഹാർബർ എൻജിനീയറിങ്ങിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് രണ്ട് ഓവർസീയർ ഗ്രേഡ് രണ്ട് (മെക്കാനിക്കൽ) കേരള പൊലീസ് സർവീസിൽ സയന്റിഫിക് അസിസ്റ്റന്റ് (പോളിഗ്രാഫ്), എന്നിവയാണ് ജനറൽ വിഭാഗത്തിലെ വിജ്ഞാപനങ്ങൾ. സംവരണ വിഭാഗക്കാർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമിക്കുന്നതിനായി പൊലീസ് കോൺസ്റ്റബിൾ, ലൈബ്രേറിയൻ, ഫാർമസിസ്റ്റ്, ജൂനിയർ ഇൻസ്ട്രക്ടർ, സയന്റിഫിക് അസിസ്റ്റൻറ്, ഫിസിക്സ്, അറബിക്, വീണ അദ്ധ്യാപകർ, എൻജിനീയറിംഗ് അസിസ്റ്റന്റ്, ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർ തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. www.keralapsc.gov.in എന്ന വെബ്സൈറ്റിൽ ഒറ്റത്തവണ രജിസ്ട്രേഷൻ രീതിയിൽ ഓൺലൈനായി അപേക്ഷിക്കണം. അവസാന തീയതി – മേയ് 15

ആന്ധ്രപ്രദേശ് ട്രാൻസ്മിഷൻ കോർപറേഷൻ ലിമിറ്റഡ്

ആന്ധ്രപ്രദേശ് ട്രാൻസ്മിഷൻ കോർപറേഷൻ ലിമിറ്റഡ് അസി. എക്സിക്യൂട്ടീവ് എൻജിനിയർ (ഇലക്ട്രിക്കൽ) ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 171 ഒഴിവുകളാണുള്ളത്. വിശാഖപട്ടണം, വിജയവാഡ, കടപ്പ എന്നിവിടങ്ങളിലാണ് ഒഴിവ്. യോഗ്യത: ബന്ധപ്പെട്ട വിഷയത്തിൽ ബിഇ/ ബിടെക്/ എഎംഐഇ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിങ് അല്ലെങ്കിൽ തത്തുല്യം. പ്രായം 42 വയസ്സ് കവിയരുത്. 2019 ഫെബ്രുവരി ഒന്നിനെ അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുന്നത്. അർഹരായവർക്ക് ഉയർന്ന പ്രയപരിധിയിൽ ഇളവ് ലഭിക്കും. വിശദവിവരത്തിന് www.aptransco.cgg.gov.in

ഇന്ത്യൻ വെറ്ററിനറി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ഇന്ത്യൻ വെറ്ററിനറി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 34 തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. അസിസ്റ്റന്റ് തസ്തികകളിലാണ് ഒഴിവ്. മേയ് 15 വരെ അപേക്ഷകൾ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക്: www.ivri.nic.in. വിലാസം: Assistant Admin Officer,
Indian Veterinary Research Institute, Izatnagar, Bareilly, Uttar Pradesh – 243122

നാഷണൽ സെന്റർ ഫോർ റേഡിയോ ആസ്ട്രോഫിസിക്സ്

നാഷണൽ സെന്റർ ഫോർ റേഡിയോ ആസ്ട്രോഫിസിക്സ് എൻജിനിയർ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. എൻജിനീയർ (ഇലക്ട്രിക്കൽ), എൻജിനീയർ (ടെലിമെട്രി), എൻജിനീയർ (ഡിജിറ്റൽ), എൻജിനീയർ (കംപ്യൂട്ടർ), എൻജിനീയർ (ഇലക്ട്രോണിക്സ്) എൻജിനീയർ (മെക്കാനിക്കൽ) എന്നിങ്ങനെയാണ് ഒഴിവുകൾ. ഏപ്രിൽ 30 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: www.ncra.tifr.res.in. വിലാസം: NCRA-TIFR, Post Bag 3, Ganeshkhind, Pune University Campus, Pune 411007

റാഞ്ചി റിംസിൽ 362 സ്റ്റാഫ് നഴ്സ്

ജാർഖണ്ഡ് തലസ്ഥാനമായ റാഞ്ചിയിൽ പ്രവർത്തിക്കുന്ന സ്വയംഭരണസ്ഥാപനമായ രാജേന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലേക്ക് (റിംസ്) സ്റ്റാഫ് നഴ്സ് ഗ്രേഡ് 'എ' തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. ഏഴാം ശമ്പളകമ്മിഷൻ ശുപാർശ പ്രകാരം ലെവൽ 7 വിഭാഗത്തിൽ പെടുന്ന തസ്തികയാണിത്. 362 ഒഴിവുകളുണ്ട്. പുരുഷന്മാർക്കും അപേക്ഷിക്കാം. യോഗ്യത: അംഗീകൃത സ്ഥാപനം/ സർവകലാശാലയിൽ നിന്ന് നാലുവർഷത്തെ ബി. എസ്സി. നഴ്സിംഗ് കോഴ്സ് അല്ലെങ്കിൽ രണ്ടുവർഷത്തെ പോസ്റ്റ് ബേസിക് ബി. എസ്സി. നഴ്സിംഗ് കോഴ്സ്. ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ/ സ്റ്റേറ്റ് നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ നേടിയിരിക്കണം. അപേക്ഷിക്കേണ്ട വിധം: www.rimsranchi.org എന്ന വെബ്സൈറ്റിൽ.

സെൻട്രൽ പവർ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

സെൻട്രൽ പവർ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അക്കൗണ്ട് ഓഫീസർ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. യോഗ്യത: കൊമേഴ്സിൽ ബിരുദം. അപേക്ഷിക്കേണ്ട അവസാന തീയതി: മേയ് 6. കമ്പനി വെബ്സൈറ്റ്: https://www.cpri.in.

എൻ.എച്ച്.പി.സി ഇന്ത്യ

നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവർ കോർപ്പറേഷൻ അപ്രന്റീസ് തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. 36 ഒഴിവുണ്ട്. മേയ് 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: www.nhpcindia.com. വിലാസം: Deputy General Manager (Human Resources), NHPC Limited, Parvati-III Power Station, Gram – Bihali, Post Office – Laraji, District – Kullu, Himachal Pradesh, Pincode – 175122.

ജോയിന്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ

ജോയിന്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ഡയറക്ടർ (ഫിനാൻസ് ആൻഡ് ലോ), പേഴ്സണൽ സെക്രട്ടറി, പേഴ്സണൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 30 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: jercuts.gov.in വിലാസം: The Secretary, Joint Electricity Regulatory Commission, 3rd & 4th Floor, Plot No. 55-56, Udyog Vihar, Phase-IV, Gurgugram-122015.

ഡൽഹി മെട്രോയിൽ

ഡൽഹി മെട്രോയിൽ ജനറൽ മാനേജർ തസ്തികയിൽ ഒഴിവ്. പ്രായ പരിധി: 55. അപേക്ഷിക്കേണ്ട അവസാന തീയതി: മേയ് 15. കമ്പനി വെബ്സൈറ്റ്: www.delhimetrorail.com.

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി: ഏപ്രിൽ 30. വിശദവിവരങ്ങൾക്ക്: www.cds.edu

നേവി ബോയ് ആകാൻ അപേക്ഷിക്കാം

അഞ്ചാംക്ലാസ് ജയിച്ചവർക്ക് ഇന്ത്യൻ നേവിയിൽ അവസരം. നേവി ബോയ് ആകാം. പ്രായ പരിധി: 12- 15. അവസാന തീയതി: 3 മേയ്. കമ്പനി വെബ്സൈറ്റ്: https://www.joinindiannavy.gov.in

നാഷണൽ ടെക്നിക്കൽ റിസേർച്ച് ഓർഗനൈസേഷൻ

നാഷണൽ ടെക്നിക്കൽ റിസേർച്ച് ഓർഗനൈസേഷൻ മോട്ടോർ ട്രാൻസ്പോർട്ട് അസിസ്റ്റന്റ് തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. 3 ഒഴിവുണ്ട്. പ്രായ പരിധി: 18-27. അപേക്ഷിക്കേണ്ട അവസാന തീയതി: ഏപ്രിൽ 29. വെബ്സൈറ്റ്: www.ntro.gov.in. വിലാസം: Assistant Director (Pers/R-1),
National Technical Research Organisation, Block-III, Old JNU Campus, New Delhi-110067

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിൽ

റൂർക്കേല എൻ. ഐ. ടിയിൽ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിൽ) അവസരം. വിവിധ വിഭാഗങ്ങളിലെ പ്രഫസർ, അസിസ്റ്റന്റ് പ്രഫസർ, അസോഷ്യേറ്റ് പ്രഫസർ തസ്തികയിലേക്ക് ഇപ്പോൾ ഓൺലൈനായി അപേക്ഷിക്കാം. 177 ഒഴിവുകളുണ്ട്. അവസാന തീയതി: ഏപ്രിൽ 30.

ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റ്

ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റ് അസിസ്റ്റന്റ് മാനേജർ ലീഗൽ, അസിസ്റ്റന്റ് മാനേജർ ഫിനാൻസ് തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. മേയ് 10 ന് മുൻപ് അപേക്ഷിക്കണം. വിലാസം: Jawaharlal Nehru Port Trust, Administration Building, Sheva, NAVI MUMBAI – 400 707. വെബ്സൈറ്റ്: jnport.gov.in

ലേഡി ഹാർഡിംഗ് മെഡിക്കൽ കോളേജ്

ന്യൂഡൽഹിയിലെ ലേഡി ഹാർഡിംഗ് മെഡിക്കൽ കോളേജിൽ എക്സ്റേ ടെക്നീഷ്യൻ ആറ് ഒഴിവുണ്ട്. യോഗ്യത: മെഡിക്കുലേഷൻ അല്ലെങ്കിൽ തത്തുല്യം. റേഡിയോഗ്രാഫിയിൽ ദ്വിവത്സര ഡിപ്ലോമ, ഒരുവർഷത്തെ പരിചയം. അല്ലെങ്കിൽ ഡിപ്ലോമ/ സർടിഫിക്കറ്റ് കോഴ്സും രണ്ട് വർഷത്തെ പരിചയവും. വിശദവിവരവും അപേക്ഷാഫോറവും www.lhmchosp.gov.in എന്ന വെബ്സൈറ്റിൽ. അപേക്ഷബന്ധപ്പെട്ട രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം Director, Lady Hardinge Medical college & Smt. S K Hospital, Shaheed Bhagat Singh Marg, New Delhi എന്ന വിലാസത്തിൽ ഏപ്രിൽ 28 നകം ലഭിക്കണം.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് പാക്കേജിംഗ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് പാക്കേജിംഗിൽ ഡയറക്ടർ, ചീഫ് ഫിനാൻസ് ഓഫീസർ, സെക്രട്ടറി തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. ഏപ്രിൽ 30 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: www.iip-in.com.

ബ്രഹ്മപുത്ര ക്രാക്കർ ആൻഡ് പോളിമർ ലിമിറ്റഡ്

ബ്രഹ്മപുത്ര ക്രാക്കർ ആൻഡ് പോളിമർ ലിമിറ്റഡ് കാറ്റഗറി -1 ഗ്രാജ്വേറ്റ് അപ്രന്റീസ്, കാറ്റഗറി - 2 ടെക്നീഷ്യൻ (ഡിപ്ലോമ ഹോൾഡർ) അപ്രന്റീസ് തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. 66 ഒഴിവുകളുണ്ട്. ഏപ്രിൽ 30 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: www.bcplonline.co.in.